മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

# വാർത്താക്കുറിപ്പ്

**2024 മാർച്ച് 11**

---

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ഒന്ന്, രണ്ട്, മൂന്ന് വർഷ ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി(20082014 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഏപ്രിൽ ഒന്നു വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം.

ഏപ്രിൽ മൂന്നു വരെ ഫൈനോടു കൂടിയും ഏപ്രിൽ എട്ടു വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.......................

ഏപ്രിൽ 22ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എംഎ(എച്ച്ആർഎം -2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻ്ററി), എംഎച്ച്ആർഎം(2020 അഡ്മിഷൻ സപ്ലിമെൻ്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഏപ്രിൽ അഞ്ചു വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം.

ഏപ്രിൽ എട്ടു വരെ ഫൈനോടു കൂടിയും ഏപ്രിൽ 12 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/234/2024)

## പരീക്ഷാ ടൈം ടേബിൾ; പേപ്പറുകൾ ഉൾപ്പെടുത്തി

നാലാം സെമസ്റ്റർ എംസിഎ(20172019 അഡ്മിഷനുകൾ സപ്ലിമെൻററി, ലാറ്ററൽ എൻട്രി 2018-2019 അഡ്മിഷനുകൾ സപ്ലിമെൻററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പരീക്ഷയിൽ മൈക്രോപ്രോസസ്സേഴ്സ് ആൻറ് എംബഡെഡ് സിസ്റ്റം എന്ന ഇലക്ടീവ് പേപ്പർ കൂടി ഉൾപ്പെടുത്തി. പരീക്ഷ ഏപ്രിൽ രണ്ടിന് നടക്കും.

.......................

ഒൻപതാം സെമസ്റ്റർ ഐഎംസിഎ(2019 അഡ്മിഷൻ റഗുലർ, 2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി), ഡിഡിഎംസിഎ(2016 അഡ്മിഷൻ സപ്ലിമെൻററി, 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയിൽ കൂടുതൽ പേപ്പറുകൾ ഉൾപ്പെടുത്തി. പരീക്ഷകൾ ഏപ്രിൽ നാല്, എട്ട്, 12 തീയതികളിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/235/2024)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി(2020 അഡ്മിഷൻ റഗുലർ, 2017-2019 അഡ്മിഷനുകൾ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് - ഫെബ്രുവരി 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 18 മുതൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/236/2024)

## പരീക്ഷാ ഫലം

2022 ഡിസംബറിൽ നടത്തിയ മൂന്നു മുതൽ എട്ടു വരെയുള്ള സെമസ്റ്ററുകൾ ബി.ടെക്(2010 അഡ്മിഷൻ മുതൽ സപ്ലിമെൻററി,മെഴ്സി ചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മാർച്ച് 26 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.
............................

കഴിഞ്ഞ നവംബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻറ് സ്പോർട്സ്(എംപിഇഎസ്)(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററിയും ഇംപ്രൂവ്മെൻറും) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മാർച്ച് 22 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/237/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**